# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *100 — 12.06.2014-ൽ മറുപടിയ്ക്ക്

## മോണോറെയിൽ പദ്ധതി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എം.എ.വാഹീദ്<br>,, കെ.മുരളീധരൻ<br>,, എ.റ്റി.ജോർജ്<br>,, ആർ.സെൽവരാജ് | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) തലസ്ഥാനത്ത് മോണോ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികളെ കേരള സർക്കാരിന്റെ മിഷൻ 676 പ്രകാരം പ്രഖ്യാപിച്ച നവരത്ന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം-കോഴിക്കോട് മോണോറെയിൽ പദ്ധതികൾക്ക് 09.10.2012-ലെ ജി.ഒ.(എം.എസ്) നം.72/2012/പി.ഡബ്ല്യൂ.ഡി, 30.05.2013-ലെ ജി.ഒ.(എം.എസ്)നം.44/2013/പി.ഡബ്ല്യൂ.ഡി. എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകി. തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി മുതൽ കരമന വരെയുള്ള 22.2 കി.മീ ദൂരത്തിൽ 19 സ്റ്റേഷനുകളോടു കൂടിയാണ് ആദ്യഘട്ട പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ കരമന മുതൽ കേശവദാസപുരം വരെയുള്ള 8 സ്റ്റേഷനുകൾക്ക് വേണ്ട സ്ഥലം ഏറ്റെടുക്കൽ നടപടിക്ക് വേണ്ട രേഖകൾ പരിശോധിച്ചുവരുന്നു.<br>പദ്ധതി സംബന്ധമായ ടെൻഡർ 30.05.2014-ന് തുറക്കുകയും തുടർനടപടികൾ നടന്നു കൊണ്ടിരിക്കുകയുമാണ്. തിരുവനന്തപുരം മോണോ റെയിൽ പദ്ധതി 60 മാസം കൊണ്ടും, കോഴിക്കോട് മോണോറെയിൽ പദ്ധതി 36 മാസം കൊണ്ടും സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതി നിർവ്വഹണത്തിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം : | (ബി) | തിരുവനന്തപുരം,കോഴിക്കോട് നഗരങ്ങളിലെ ഗതാഗതക്കുരുക്കുകൾ ഒഴിവാക്കി സുഗമമായി യാത്രാസംവിധാനം ലഭ്യമാക്കുന്നതിനുവേണ്ടി Mass Rapid Transport System (MRTS) പ്രകാരം നടപ്പിലാക്കുന്ന ഒരു നിർദ്ദിഷ്ട പദ്ധതി ആണ് മോണോറെയിൽ. ഇതിനുവേണ്ടി രൂപീകരിച്ച ഒരു Special Purpose Vehicle (SPV) ആണ് കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ്. ഇതിന്റെ ചെയർമാൻ ബഹു.മുഖ്യമന്ത്രിയാണ്. |
| (സി) | പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിവരിക്കുമോ ; | (സി) | തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി മുതൽ കരമന വരെയുള്ള 22.2 കി.മീ, 19 സ്റ്റേഷനുകളോടു കൂടി ആണ് ആദ്യഘട്ട പദ്ധതിയായി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ, കരമന മുതൽ കേശവദാസപുരം വരെയുള്ള 8 സ്റ്റേഷനുകൾക്ക് വേണ്ട സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കുവേണ്ട രേഖകൾ പരിശോധിച്ചുവരുന്നു.<br>കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെയുള്ള 14.2 കി.മീ, 15 സ്റ്റേഷനുകളോടു കൂടി ആണ് ആദ്യഘട്ട പദ്ധതിയായി വിഭാവനം ചെയ്തിരിക്കുന്നത്. സർക്കാർ വക ഭൂമി പാട്ടത്തിൽ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ, റവന്യൂ, ജല അതോറിറ്റി, നഗരസഭ എന്നിവിടങ്ങളിൽ നൽകിയിട്ടുണ്ട്.<br>കൂടാതെ കൊച്ചി മെട്രോ പദ്ധതിക്കായി സർക്കാർ അവലംബിച്ച Negotiated Direct Purchase of Land മാതൃക മോണോറെയിൽ പദ്ധതിക്കും സ്വീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | മോണോറെയിൽ പദ്ധതിയെ കേരളാ സർക്കാരിന്റെ മിഷൻ 676 പ്രകാരം പ്രഖ്യാപിച്ച നവരത്ന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മോണോറെയിൽ പദ്ധതിയുടെ ഒന്നാം റീച്ച്, പള്ളിപ്പുറം മുതൽ കഴക്കൂട്ടം വരെ 2016 മാർച്ച് 31-ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**